# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| ജൂലൈ 5<br>July 5 | 2019 |
|---|---|

*1193 മിഥുനം 20 വെള്ളി*

# പത്രക്കുറിപ്പ് -1

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

**ലേലം**

അടൂർ കെഎപി മൂന്നാം ബറ്റാലിയനിൽ സൂക്ഷിച്ചിട്ടുള്ള ഉപയോഗശൂന്യമായ ടയറുകളും സ്പെയർ പാർട്സുകളും എൻജിൻ ഓയിലും ഈ മാസം 19ന് രാവിലെ 11ന് ലേലം ചെയ്യും. ഫോൺ: 04734 217172. (പിഎൻപി 1656/19)

**കെട്ടിട നിർമാണ അനുമതി: അദാലത്ത് നടത്തും**

ഗ്രാമ പഞ്ചായത്തുകളിൽ കെട്ടിടനിർമാണ അനുമതിക്കും കെട്ടിട നമ്പരിനും ആഗസ്റ്റ് 31 വരെ ലഭിച്ച അപേക്ഷകൾ ഈ മാസം 10നകം തീർപ്പാക്കണമെന്നും തീർപ്പാകാത്ത അപേക്ഷകൾ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ നേതൃത്വത്തിൽ ജില്ലാതലത്തിൽ അദാലത്ത് നടത്തുന്നതിനും പഞ്ചായത്ത് ഡയറക്ടർ ഉത്തരവായിട്ടുണ്ട്. അദാലത്തിൽ ഗ്രാമപഞ്ചായത്തുകൾ മുഖേനയല്ലാതെ നേരിട്ട് അപേക്ഷ നൽകാൻ താത്പര്യമുള്ളവർ വെള്ളക്കടലാസിൽ അപേക്ഷ സംബന്ധിച്ച വിശദാംശങ്ങൾ, പൂർണമായ മേൽവിലാസം, മൊബൈൽ നമ്പർ, ഗ്രാമപഞ്ചായത്തിന്റെ പേര് എന്നിവ രേഖപ്പെടുത്തി ഈ മാസം 11നകം ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകണം. (പിഎൻപി 1657/19)

## വായന പക്ഷാചരണം ജില്ലാതല സമാപന സമ്മേളനം എട്ടിന് അടൂരിൽ

വായന പക്ഷാചരണത്തിന്റെ ജില്ലാതല സമാപന സമ്മേളനം എട്ടിന് രാവിലെ 10ന് അടൂർ ഗവൺമെന്റ് ബോയ്സ് എച്ച്എസ്എസിൽ ചിറ്റയം ഗോപകുമാർ എംഎൽഎ ഉദ്ഘാടനം ചെയ്യും. സംസ്ഥാന ലൈബ്രറി കൗൺസിൽ എക്സിക്യുട്ടീവ് അംഗവും മുൻ എംഎൽഎയുമായ ആർ. ഉണ്ണിക്യഷ്ണപിള്ള അധ്യക്ഷത വഹിക്കും. സാഹിത്യകാരൻ ബെന്യാമിനെ ചടങ്ങിൽ ആദരിക്കും. ജില്ലാ ഭരണകൂടത്തിന്റെയും ജില്ലാ ലൈബ്രറി കൗൺസിലിന്റെയും ആഭിമുഖ്യത്തിൽ വിദ്യാഭ്യാസ, പഞ്ചായത്ത്, വിവര പൊതുജനസമ്പർക്ക വകുപ്പുകൾ, പിഎൻ പണിക്കർ ഫൗണ്ടേഷൻ, സാക്ഷരതാമിഷൻ, എസ്എസ്കെ, കുടുംബശ്രീ, ഐടി മിഷൻ, യുവജനക്ഷേമ ബോർഡ് തുടങ്ങിയവയുടെ സഹകരണത്തോടെയാണ് പക്ഷാചരണം.

ഐവിദാസ് അനുസ്മരണം ജില്ലാ ലൈബ്രറി കൗൺസിൽ പ്രസിഡന്റ് പ്രൊഫ.റ്റികെജി നായർ നിർവഹിക്കും. വായനപക്ഷാചരണത്തോട് അനുബന്ധിച്ച് നടത്തിയ മത്സരങ്ങളിലെ വിജയികൾക്കുള്ള സമ്മാനദാനം പള്ളിക്കൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജി. പ്രസന്നകുമാരി നിർവഹിക്കും. ജില്ലാ ലൈബ്രറി കൗൺസിൽ സെക്രട്ടറി ആർ. തുളസീധരൻ പിള്ള, ജില്ലാ പഞ്ചായത്തംഗം റ്റി. മുരുകേഷ്, ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ആശാ ഷാജി, ഗ്രാമപഞ്ചായത്തംഗം കുഞ്ഞുമോൾ കൊച്ചുപാപ്പി, ഡിഇഒ കെ. വൽസല, അടൂർ എഇഒ ബി. വിജയലക്ഷ്മി, ജില്ലാ സാക്ഷരതാ മിഷൻ കോ-ഓർഡിനേറ്റർ ഡോ. വി.വി. മാത്യു, കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ കെ. വിധു, ഐടി മിഷൻ ജില്ലാ പ്രോജക്ട് മാനേജർ ഷൈൻ ജോസ്, സിഎൻആർഐ ജില്ലാ പ്രസിഡന്റ് അമീർജാൻ, പിഎൻ പണിക്കർ ഫൗണ്ടേഷൻ ജില്ലാ സെക്രട്ടറി സി.കെ. നസീർ, യുവജനക്ഷേമ ബോർഡ് യൂത്ത് ഇൻഫർമേഷൻ ഓഫീസർ ആർ. ശ്രീലേഖ, അടൂർ താലൂക്ക് ലൈബ്രറി കൗൺസിൽ സെക്രട്ടറി ജി. ക്യഷ്ണകുമാർ, ജില്ലാ ലൈബ്രറി കൗൺസിൽ അംഗം മുണ്ടപ്പള്ളി തോമസ്, അടൂർ ബിഎച്ച്എസ്എസ് പ്രിൻസിപ്പൽ എ. നജിമുന്നീസ, ഹെഡ്മിസ്ട്രസ് കെ.മിനി, പിടിഎ പ്രസിഡന്റ് കെ. ഹരിപ്രസാദ്, സ്റ്റാഫ് സെക്രട്ടറിമാരായ ഡോ.എം. ഷെബീർ, ബി. ഹരീഷ് കുമാർ, സീനിയർ അധ്യാപകൻ പി.ആർ ഗിരീഷ്, എൻഎസ്എസ് പ്രോഗ്രാം ഓഫീസർ ജി. രവീന്ദ്രകുറുപ്പ്, അധ്യാപികമാരായ പി. അമ്പിളി, കണിമോൾ തുടങ്ങിയവർ പങ്കെടുക്കും.

(പിഎൻപി 1658/19)

## ഒറ്റത്തവണ തീർപ്പാക്കൽ

മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ കുടിശിക വരുത്തിയിട്ടുള്ളവർക്കും റവന്യു റിക്കവറിക്ക് നോട്ടീസ് ലഭിച്ചിട്ടുള്ളവർക്കും മറ്റ് അംഗങ്ങൾക്കും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം പലിശയും പിഴപലിശയും ഒഴിവാക്കി തുക ഒടുക്കുന്നതിനുമുള്ള തീയതി സെപ്തംബർ 30 വരെ ദീർഘിപ്പിച്ചതായി ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു. കൂടുതൽ വിവരത്തിന് ഫോൺ: 0468 2320158. (പിഎൻപി 1659/19)

## അദാലത്ത്

പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്തിൽ കെട്ടിട നിർമാണവുമായി ബന്ധപ്പെട്ട് തീർപ്പാകാത്ത ഫയലുകൾ തീർപ്പാക്കുന്നതിന് ഈ മാസം എട്ടിന് രാവിലെ 10.30ന് പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ അദാലത്ത് നടത്തും. ജൂൺ 26വരെ അപേക്ഷ സമർപ്പിച്ചവരിൽ അനുമതി ലഭിക്കാത്തവർ ആവശ്യമായ രേഖകൾ സഹിതം അദാലത്തിൽ പങ്കെടുക്കണമെന്ന് സെക്രട്ടറി അറിയിച്ചു. (പിഎൻപി 1660/19)

## അണ്ടർ വാല്യുവേഷൻ കേസുകൾ തീർപ്പാക്കാം

ജില്ലാ ലീഗൽ സർവീസസ് അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ 13ന് ജില്ലാ രജിസ്ട്രാർ ഓഫീസിൽ നടത്തുന്ന ദേശീയ ലോക്അദാലത്തിൽ 2017 മാർച്ച് 31 വരെയുള്ള കുടിശിക അണ്ടർ വാല്യുവേഷൻ കേസുകൾ ഉൾപ്പെടുത്തി നിലവിലുള്ള കോംപൗണ്ടിംഗ് പദ്ധതി നിരക്കിൽ തീർപ്പാക്കും. ബന്ധപ്പെട്ടവർ ഈ അവസരം പ്രയോജനപ്പെടുത്തി റവന്യു റിക്കവറി നപടികളിൽ നിന്നും ഒഴിവാകണമെന്ന് ജില്ലാ രജിസ്ട്രാർ(ജനറൽ) അറിയിച്ചു. ഫോൺ: 0468 2223105.

(പിഎൻപി 1661/19)




**ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്**

# കേരള സർക്കാർ

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**പത്തനംതിട്ട**

**ജൂലൈ 5**

**July 5**

**2019**

*1193 മിഥുനം 20 വെള്ളി*

# പത്രക്കുറിപ്പ് -2



www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657


**താലൂക്ക് വികസന സമിതിയോഗം ഇന്ന് (6)**

കോഴഞ്ചേരി താലൂക്ക് വികസന സമിതിയോഗം ഇന്ന് (6) രാവിലെ 11ന് താലൂക്കാഫീസിൽ ചേരും. (പിഎൻപി 1662/19)

**ജനകീയം ഈ അതിജീവനം: യോഗം ഇന്ന് (6)**

പ്രളയ ദുരിതാശ്വാസ പുനർനിർമാണ പ്രവർത്തനങ്ങൾ പൊതുസമൂഹത്തെ അറിയിക്കുന്നതിന് ജനകീയം ഈ അതിജീവനം എന്ന പേരിൽ ഈ മാസം 20ന് പൊതുജന സംഗമം നടത്തും. ഇതോടനുബന്ധിച്ച് ഇന്ന് (6) ഉച്ചയ്ക്ക് ശേഷം മൂന്നിന് ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ യോഗം ചേരും. (പിഎൻപി 1663/19)

**മെഡിക്കൽ ക്യാമ്പ് നടത്തി**

വനിതാ ശിശുവികസന വകുപ്പിന്റെയും ഹോമിയോപ്പതി വകുപ്പ് സീതാലയത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ കോഴഞ്ചേരി ഗവൺമെന്റ് മഹിളാമന്ദിരത്തിൽ മെഡിക്കൽ ക്യാമ്പും ബോധവത്ക്കരണ ക്ലാസും നടത്തി. ജില്ലാ മെഡിക്കൽ ഓഫീസർ (ഹോമിയോ) ഡോ.ബിജുകുമാർ ഉദ്ഘാടനം ചെയ്തു. ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എം.ബി. സത്യൻ അധ്യക്ഷത വഹിച്ച ചടങ്ങിൽ കോഴഞ്ചേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മിനി ശ്യാം മോഹൻ, ഗ്രാമപഞ്ചായത്ത് അംഗങ്ങളായ ആനി ജോസഫ്, ലത ചെറിയാൻ, മെഡിക്കർ ഓഫീ

സർമാരായ ഡോ.പ്രീതി ഏലിയാമ്മ ജോൺ, ഡോ.കുമാരി അനിത, ഡോ.ശീതൾ സുഗതൻ, ബ്രിജുല, പ്രിയ ചന്ദ്രശേഖരൻ തുടങ്ങിയവർ പങ്കെടുത്തു. (പിഎൻപി 1664/19)

## മൃഗരോഗ നിയന്ത്രണ പദ്ധതി സംസ്ഥാനതല ഉദ്ഘാടനം 15ന്

മൃഗരോഗ നിയന്ത്രണ പദ്ധതിയുടെ ഇരുപത്തിയാറാം ഘട്ട പ്രതിരോധ കുത്തിവയ്പിന്റെ സംസ്ഥാനതല ഉദ്ഘാടനം ഈ മാസം 15ന് ഉച്ച കഴിഞ്ഞ മൂന്നിന് ഏഴംകുളം മർത്തോമാ ഓഡിറ്റോറിയത്തിൽ മൃഗ സംരക്ഷണ വകുപ്പ് മന്ത്രി കെ രാജു നിർവ്വഹിക്കും. ചിറ്റയം ഗോപകുമാർ എംഎൽഎ അധ്യക്ഷത വഹിക്കും. എഡിഎം അലക്സ്.പി തോമസിന്റെ അധ്യക്ഷതയിൽ കളകടറേറ്റിൽ ചേർന്ന ആലോചനാ യോഗം ഇതുസംബന്ധിച്ച തീരുമാനമെടുത്തു.

കന്നുകാലികളുടെ കുളമ്പുരോഗം നിയന്ത്രിക്കുക എന്ന ലക്ഷ്യത്തോടെയാണ് മൃഗ രോഗനിയന്ത്രണ പദ്ധതി പ്രതിരോധ കുത്തിവയ്പ് കേന്ദ്ര സഹായത്തോടെ ആവിഷ്ക്കരിച്ച് നടപ്പാക്കുന്നത്. ജില്ലയിൽ ഈ മാസം 17 മുതൽ 21 പ്രവൃത്തി ദിവസങ്ങളിലായി പ്രതിരോധ കുത്തിവയ്പ് നടത്തും. മൃഗസംരക്ഷണ ജീവനക്കാർ ജില്ലയിലെ പഞ്ചായത്തുകളിലും, മുൻസിപ്പാലിറ്റികളിലും ക്യാമ്പുകൾ നടത്തിയും, ക്ഷീര കർഷകരുടെ ഭവനങ്ങളിൽ നേരിട്ടെത്തിയുമാണ് പ്രതിരോധ കുത്തിവയ്പ് നടത്തുക. കൂടാതെ എല്ലാ ഉരുക്കളേയും തിരിച്ചറിയുന്നതിനായി ഇയർ ടാഗും ചെയ്യും. പുതിയ ഉരുക്കളെ രജിസ്റ്റർ ചെയ്യാനുള്ള പദ്ധതിയും ഇതോടൊപ്പമൊരുക്കും. ജില്ലയിലെ 64334 കന്നുകാലികൾ, 2846 എരുമകൾ, 756 പന്നികൾ എന്നിവയ്ക്ക് കുളമ്പുരോഗത്തിനെതിരായ കുത്തി വയ്പ് നൽകും.

ജില്ലാ മൃഗസംരക്ഷണ ഓഫീസർ ഡോ.ജി.അംബികാദേവി, ക്ഷീര വികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ സിൽവി മാത്യു, സീനിയർ സൂപ്രണ്ട് പി.ജെ രാജേഷ് കുമാർ, റാന്നി ഫോറസ്റ്റ് ഓഫീസർ ആർ സുരേഷ് കുമാർ, കോന്നി ഫോറസ്റ്റ് ഓഫീസർ ടി.എസ് സുനിൽ, ജില്ലാ എപ്പിഡിമയോളജിസ്റ്റ് ഡോ. ശുഭ പരമേശ്വരൻ തുടങ്ങിയവർ പങ്കെടുത്തു.

(പിഎൻപി 1665/19)

## ഭിന്നശേഷി വിഭാഗക്കാരുടെ അവകാശ സംരക്ഷണം ഉറപ്പാക്കും– ജില്ലാ കളക്ടർ

ജില്ലയിലെ ഭിന്നശേഷിക്കാരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് നടപടികൾ സ്വീകരിക്കുമെന്ന് ജില്ലാ കളക്ടർ പി.ബി നൂഹ് പറഞ്ഞു. കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി, ഒന്നിലധം വൈകല്യങ്ങൾ തുടങ്ങിയവ യുള്ള വ്യക്തികൾക്ക് നിയമപരമായ രക്ഷാകർത്താവിനെ അനുവദിക്കുന്നതിനുള്ള നാഷ ണൽ ട്രസ്റ്റ് പ്രാദേശികതല സമിതി യോഗത്തിൽ പരാതികൾ പരിഗണിക്കുകയായിരുന്നു അദ്ദേഹം. ഭിന്നശേഷിക്കാരുടെ അവകാശങ്ങൾ നിഷേധിക്കുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടു. ഭിന്നശേഷി വിഭാഗത്തിൽപെട്ട വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിന് വിമുഖത കാണിക്കുക, അവകാശപ്പെട്ട സ്വത്തുക്കൾ കൈവശപ്പെടുത്തുക, പെൻഷൻ തുക ലഭ്യമാക്കാതിരിക്കുക തുടങ്ങിയ അവകാശ ലംഘനങ്ങൾക്ക് എതിരെ നടപടി എടുക്കുമെന്ന് കളക്ടർ പറഞ്ഞു. ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി പഞ്ചായത്ത് സെക്രട്ടറിമാരുടെ യോഗം വിളിക്കും.

പോലീസ് സഹായം ആവശ്യമുള്ള കേസുകളിൽ നടപടി ഉറപ്പാക്കും. 37 കേസുകളാണ് ഹിയറിങ്ങിൽ പരിഗണിച്ചത്. 65 വയസുള്ള പൂതംകര സ്വദേശിനിക്ക് അർഹതപെട്ട സ്വത്തുക്കൾ സഹോദരന്റെ മരണശേഷം ഭാര്യ കൈക്കലാക്കുകയും തുടർന്ന് വിദേശത്ത് പോകുകയും ചെയ്തതോടെ ഭിന്നശേഷിക്കാരിയായ ഇവർ അനാഥയായെന്ന പരാതിയിൽ ഇവർക്ക് അർഹതപ്പെട്ട സ്വത്തുവകകൾ തിരികെ ലഭിക്കുന്നതിന് ആവശ്യമായ

നടപടികള്‍ ഹിയറിംഗില്‍ സ്വീകരിച്ചു. പെന്‍ഷന്‍ ലഭ്യമാകുന്നതിനും ബന്ധപ്പെട്ട ഉദ്യോഗസ്ഥര്‍ക്ക് നിര്‍ദേശം നല്‍കി.

സബ് ജഡ്ജും ജില്ലാ ലീഗല്‍ സര്‍വീസസ് അതോറിറ്റി സെക്രട്ടറിയുമായ ജി.ആര്‍. ബില്‍കുല്‍, കണ്‍വീനര്‍ കെ.പി.രമേശ്, അംഗങ്ങളായ കെ.എം.കുര്യന്‍, അഡ്വ.പി.എസ്.മുരളീധരന്‍ നായര്‍, ഡെപ്യൂട്ടി ജില്ലാ മെഡിക്കല്‍ ഓഫീസര്‍ തുടങ്ങിയവര്‍ പങ്കെടുത്തു.

(പിഎന്‍പി 1666/19)

## ഫോട്ടോ അടിക്കുറിപ്പ്

1) കോഴഞ്ചേരി ഗവണ്‍മെന്റ് മഹിളാമന്ദിരത്തില്‍ നടന്ന മെഡിക്കല്‍ ക്യാമ്പും ബോധവത്ക്കരണ ക്ലാസും ജില്ലാ മെഡിക്കല്‍ ഓഫീസര്‍ (ഹോമിയോ) ഡോ.ബിജുകുമാര്‍ ഉദ്ഘാടനം ചെയ്യുന്നു.


വാര്‍ത്തകള്‍
ഇനി കാണാം...
കേള്‍ക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈല്‍ ആപ്ലിക്കേഷനാണ്.
ആന്‍ഡ്രോയിഡ് വേര്‍ഷനിലുള്ള
എല്ലാ സ്മാര്‍ട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറില്‍ നിന്നും PRD LIVE
ഡൗണ്‍ലോഡ് ചെയ്യാം.


**ഇന്‍ഫര്‍മേഷന്‍&പബ്ലിക് റിലേഷന്‍സ് വകുപ്പ്**


കേരളസർക്കാർ ഹോമിയോപ്പതി വകുപ്പ്
സീതാലയം
പത്തനംതിട്ട ജില്ല.